## കെ.എസ്.ആർ.ടി.സി-യിൽ 'സുരക്ഷിത സ്ത്രീ യാത്രാ' പദ്ധതി

231 (3338) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.-യിൽ 'സുരക്ഷിത സ്ത്രീ യാത്രാ' പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ-സി) ഉണ്ട്. കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിലും യാത്രയ്ക്കിടയിൽ ബസ്സുകളിലും സ്ത്രീകളുടെ സുരക്ഷിതത്വത്തിനായി ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കി വരികയാണ്. കെ.എസ്.ആർ.ടി.സി.യുടെ എല്ലാ പ്രധാനപ്പെട്ട ബസ് സ്റ്റേഷനുകളിലും സ്ത്രീകൾക്കായി വിശ്രമമുറിയും പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. സ്ത്രീയാത്രക്കാർ രാത്രികാലങ്ങളിൽ ഒറ്റപ്പെട്ട പോയാൽ സുരക്ഷിതരായി വിശ്രമിക്കാനായി കെട്ടിടത്തിന്റെ മുകളിലത്തെ നിലയിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. രാത്രികാലങ്ങളിൽ യാത്രക്കാർ പ്രത്യേകിച്ച് സ്ത്രീകൾ അവർ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ രാത്രി 8.00 മണി മുതൽ രാവിലെ 6.00 മണി വരെ എല്ലാത്തരം സർവ്വീസുകളും നിർത്തി അവരെ ഇറക്കേണ്ടതാണെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. റിസർവേഷൻ സൗകര്യമില്ലാത്ത സർവ്വീസുകളിലും 25 ശതമാനം സീറ്റുകൾ സ്ത്രീകൾക്ക് സംവരണം ചെയ്തിട്ടുണ്ട്. ഇത് മുതിർന്ന വനിതകൾക്കും കൈക്കുഞ്ഞുമായി കയറുന്ന അമ്മമാർക്കും സംവരണം ചെയ്തിട്ടുള്ള സീറ്റുകൾക്ക് പുറമെയാണ്. റിസർവേഷൻ സൗകര്യമുള്ള സൂപ്പർക്ലാസ്സ് സർവ്വീസുകളിൽ ഡ്രൈവറുടെ തൊട്ടുപിറകിലുള്ള 3 സീറ്റുകൾ സ്ത്രീകൾക്കു മാത്രമായി സംവരണം ചെയ്തിട്ടുണ്ട്. അതിനു പിറകിലുള്ള 9 സീറ്റുകൾ മുൻഗണനാക്രമത്തിൽ സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുമുണ്ട്. ബസ് യാത്ര പുറപ്പെടുമ്പോൾ മുൻഗണനാക്രമത്തിലുള്ള സീറ്റുകളിൽ സ്ത്രീ യാത്രക്കാർ

LIBRARY ARCHIVES Kerala Legislative Assembly

ഇല്ലായെങ്കിൽ പുരുഷന്മാർക്ക് ഉപയോഗിക്കാവുന്നതും, യാത്രയ്ക്കിടയിൽ സ്ത്രീ യാത്രക്കാർ കയറുമ്പോൾ അവർ ആവശ്യപ്പെട്ടാൽ പുരഷയാത്രക്കാർ സ്ത്രീകൾക്കായി ഒഴിഞ്ഞു കൊടുക്കേണ്ടതുമാണ്. കൂടാതെ സ്ത്രീ സുരക്ഷയുടെ ഭാഗമായി പരീക്ഷണാടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.യുടെ രണ്ട് ബസ്സുകളിൽ (സിൽവർ ജറ്റ്) നിരീക്ഷണ ക്യാമറ സ്ഥാപിച്ചിട്ടുണ്ട്.

**ഇ-ഗവേണൻസ് പദ്ധതി**

232 (3339) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) കെ.എസ്.ആർ.ടി.സി.യുടെ വിവിധ സേവനങ്ങൾ വേഗത്തിലും സൗകര്യപ്രദമായും പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്നതും ജീവനക്കാരുടെ ജോലി ഭാരം ലഘൂകരിക്കുക എന്നതും ചെലവ് കുറച്ച് വരുമാന വർദ്ധനവുമാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.യുടെ 24 ഓൺലൈൻ റിസർവേഷൻ കൗണ്ടറുകൾ വഴി മുൻകൂർ ഓൺലൈൻ റിസർവേഷൻ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട് കൂടാതെ യാത്രക്കാർക്ക് ഓൺലൈൻ സംവിധാനം വഴി www.ksrtconline.com എന്ന വെബ്സൈറ്റ് മുഖേന ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ്, ഇന്റർനെറ്റ് ബാങ്കിംഗ് മുഖേന ടിക്കറ്റ് മുൻകൂർ ബുക്ക് ചെയ്യാനുള്ള സൗകര്യവും ലഭ്യമാണ്. ജി.പി.എസ്. സംവിധാനം ഉപയോഗിച്ച് വാഹനങ്ങൾ നിരീക്ഷിക്കുന്നതിനായി എല്ലാ ബസ്സുകളിലും പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിനുള്ള ധാരണാപത്രം കെൽട്രോണുമായി ഒപ്പിട്ടിട്ടുണ്ട്. ആദ്യഘട്ടമായി കെ.എസ്.ആർ.ടി.സി.യുടെ തിരുവനന്തപുരം സിറ്റി, തിരുവനന്തപുരം സെൻട്രൽ

LIBRARY ARCHIVES Kerala Legislative Assembly